# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുന്നുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി11)173/2019

തീയതി.05.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
കുന്നുകര ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :കുന്നുകര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം KSAEKM (പി.11)173/2019 തീയതി: 05.02.2019

<u>എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 19.1.2019 മുതൽ 31.1.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ പ്രസാദ് പി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി മേഴ്സി കെ.പി. | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ഫ്രാൻസീസ് തറയിൽ | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി സീന സന്തോഷ് | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ ജബ്ബാർ സി.യു. | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി ഷിജി പ്രിൻസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ പി.വി.തോമസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ എ.വി.ഷാജി | 1.4.2017 | 17.4.2017 |
| | ശ്രീ നൈറ്റോ ബേബി | 18.4.2017 | 28.5.2017 |
| | ശ്രീ എ.വി.ഷാജി | 29.5.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി (16.6.2017 to 22.6.2017 ഒഴിവ്) | ശ്രീമതി വിജയമാലിനി പി.ആർ | 1.4.2017 | 15.6.2017 |
| | ശ്രീമതി രശ്മിമോൾ പി.ആർ | 23.6.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി സൗമ്യ പോൾ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി,കുന്നുകര | ഡോ.ഒ.പി.മനോജ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വിദ്യാ ബി. | 1.4.2017 | 31.3.2018 |
| ഹോമിയോ ഡിസ്പെൻസറി | ഡോ.മുഹമ്മദ് റഫീക്ക് | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലക്ഷ്മി എൽ | 1.4.2017 | 30.11.2017 |
| | ഹെലിനി എ.എം. | 1.12.2017 | 21.12.2017 |
| | ശ്രീമതി ഷഹാന | 22.12.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കുന്നുകര) | ശ്രീ വിമൽ രാജ് | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ആറ്റുപുരം) | ശ്രീ ലിജേഷ് ജോസഫ് | 1.4.2017 | 11.7.2017 |
| | ശ്രീ ഹർഷദ് വി.കെ. | 12.7.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ. ജിൻസ ജോർജ് | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഷിജി ജോസ് | 1.4.2017 | 4.10.2017 |

| | | | |
|---|---|---|---|
| | ശ്രീമതി ഐവിൻ വിൽഫ്രഡ് ഡിസിൽവ | 5.10.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ സജീവ് കുമാർ പി.ആർ | 1.4.2017 | 31.3.2018 |
| ഹെഡ് മിസ്ട്രസ് , ഗവ. ജെ.ബി.എസ്. കുന്നുകര | ശ്രീമതി സുരജ കെ.വി. | 1.4.2017 | 31.3.2018 |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയത് | 2-1 | |
| 14 | കെട്ടിട വാടക ഈടാക്കുന്നില്ല | 2-2 | |
| | ഭാഗം- 3 | | |
| 15 | ഹരിത കേരള മിഷൻ- രസീതുകളുടെ ഉപയോഗം | 3-1 | |
| 16 | ഡെപ്പോസിറ്റ് തിരികെ നൽകൽ- ഒറിജിനൽ രസീത് തിരികെ വാങ്ങിയില്ല | 3-2 | |
| 17 | പാലിന് സബ്സിഡി- ക്ഷീര കർഷകർക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല. | 3-3 | |
| 18 | പാലിയേറ്റീവ് പരിചരണം- മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല. | 3-4 | |
| 19 | ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-5 | |

| | | | |
|---|---|---|---|
| 20 | തെരുവ് വിളക്ക് മെയിന്റനൻസ് | 3-6 | |
| 21 | ഹൈമാസ്റ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 | |
| 22 | അജൈവ മാലിന്യ സംസ്കരണ പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-8 | |
| 23 | അങ്കണ വാടികളിലേക്ക് വാട്ടർ കണക്ഷൻ - അപാകതകൾ | 3-9 | |
| 24 | ഐറ്റം റേറ്റ് കരാർ പ്രവൃത്തി -ശതമാനം നിരക്കിൽ ടെണ്ടർ കുറവ് വരുത്തി. | 3-10 | |
| 25 | ടെണ്ടർ കുറവ് വരുത്തിയില്ല. | 3-11 | |
| 26 | കരാറുകാരൻ കോട്ട് ചെയ്ത ടെണ്ടർ കുറവ് ബില്ലിൽ വരുത്തിയില്ല. | 3-12 | |
| 27 | സംരക്ഷണ ഭിത്തി- RR masonry ചെയ്തത് | 3-13 | |
| 28 | സർവ്വീസ് ടാക്സ് - ഒടുക്കിയില്ല | 3-14 | |
| 29 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല. | 3-15 | |
| 30 | അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ല | 3-16 | |
| 31 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- അവലോകനം | 3-17 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| 44 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| 45 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 28.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 6.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21.6.2018 & 22.6.2018 | KSA-EKM(PG)1786(40)/18/ 30.8.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12048891.00 |
| വരവ് | 80576988.00 |
| ആകെ | 92625879.00 |
| ചെലവ് | 72500978.00 |
| നീക്കിയിരിപ്പ് | 20124901.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP40B) | ചെലവഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12693970 | 12693970 | 12603401 | 0 | 90569 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7233498 | 7233498 | 5658899 | 0 | 1574599 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 65973 | 65973 | 0 | 0 | 65973 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8023675 | 8023675 | 6833929 | 0 | 1189746 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3459691 | 3459691 | 2618400 | 0 | 841291 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6693859 | 6693859 | 5749312 | 0 | 944547 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 58616 | 58616 | 58616 | 0 | 0 |
| എം.എൻ ആർ.ഇ. ജി.എസ്. | 2718 | 941610 | 944328 | 941340 | 2988 | 0 |
| SBI കുത്തിയതോട് | 101258 | 631748 | 733006 | 691138 | 41868 | 0 |
| യൂണിയൻ ബാങ്ക് | 4589353 | 10646784 | 15236137 | 4977595 | 10258542 | 0 |
| സഹകരണ ബാങ്ക് | 3610308 | 68400 | 3678708 | 3177107 | 501601 | 0 |
| ദുരിതാശ്വാസ നിധി | 15119 | 849 | 15968 | 9000 | 6968 | 0 |
| ട്രഷറി | 106612 | 511573 | 618185 | 45654 | 572531 | 0 |
| ട്രഷറി ICDS | 394950 | 576952 | 971902 | 191884 | 780018 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1568875 | 8047000 | 9615875 | 10596571 | -980696 | 0 |
| ASCB ഹൗസിംഗ് | 79750 | 801 | 80551 | 80551 | 0 | 0 |
| NMBS | 44158 | 0 | 44158 | 0 | 44158 | 0 |
| സാക്ഷരത | 68900 | 485 | 69385 | 68400 | 985 | 0 |
| KSCB buds | 1353044 | 52653 | 1405697 | 53695 | 1352002 | 0 |
| ശുചിത്വം | 10806 | 0 | 10806 | 0 | 10806 | 0 |
| MN ഹൗസിംഗ് | 500 | 0 | 500 | 0 | 500 | 0 |
| ട്രഷറി ജോയിന്റ് വെഞ്ചർ | 52918 | 17440136 | 17493054 | 16166664 | 1326390 | 0 |
| SBT buds | 19784 | 45323 | 65107 | 45068 | 20039 | 0 |
| UBI buds | 0 | 145933 | 145933 | 145379 | 554 | 0 |
| Rural mission | 0 | 7362832 | 7362832 | 1433971 | 5928861 | 0 |
| ടിപി.A/c | 11178 | 0 | 11178 | 0 | 11178 | 0 |
| ബി. ഫണ്ട് | 0 | 43706720 | 43706720 | 43706720 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 141 | 72422942 | 110 | 38957068 | 4 | 27 | 53.79 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2718 | 941610 | 944328 | 941340 | 2988 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 21246660 | 21246660 | 21246660 | 0 |
| ആകെ | 2718 | 22188270 | 22190988 | 22188000 | 2988 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15360 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 8415600 | 675 |
| വിധവാപെൻഷൻ | 9940500 | 865 |
| വാർദ്ധക്യകാല പെൻഷൻ | 20691300 | 1645 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3452400 | 301 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 647200 | 55 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 150000 | 5 |

വാർഷിക ധനകാര്യ പത്രിക പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായമിനത്തിൽ 210000/- രൂപ ചെലവുണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.1.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10593 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) ക്യാഷ് രസീത് തയ്യാറാക്കുന്നതിലെ അപാകത

Front office രസീതുകളിൽ Transaction type കൃത്യമായി സെലക്ട് ചെയ്യുന്നില്ല. ആയതിനാൽ ക്യാഷ് ചെസ്റ്റിൽ ഉള്ള തുക, Counter Report പ്രകാരം Own Fund അക്കൗണ്ടിൽ അടവാക്കിയതായി കാണിക്കുന്നു. ഉദാഹരണത്തിന് 30.07.2018 ൽ Day Book പ്രകാരം ആകെ ക്യാഷ് കളക്ഷൻ 41370/-. Counter Report പ്രകാരം ഈ തുക Own Fund ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കിയതായി കാണിച്ചിരിക്കുന്നു. എന്നാൽ Own Fund അക്കൗണ്ടിൽ വരവ് വന്നിരിക്കുന്നത് 21570/- രൂപ മാത്രമാണ്. കുറവ് 19800/- രൂപ. ഈ തുക സബ് ട്രഷറി അക്കൗണ്ടിൽ നിന്നും ക്യാഷ് രസീത് നമ്പർ 118060101638 പ്രകാരം പഞ്ചായത്ത് അക്കൗണ്ടിലേക്കെടുത്ത ബി ഫണ്ട് തുകയാണെന്നും ചെലവഴിക്കുന്നതിനായി ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും അക്കൗണ്ടന്റ് വിശദീകരിച്ചു. എന്നാൽ കൗണ്ടർ റിപ്പോർട്ടിൽ ഇത് വ്യക്തമാകാത്തത് രസീത് തയ്യാറാക്കുന്ന സമയത്ത് Transaction type ൽ കൃത്യമായ ഹെഡ് (ബി ഫണ്ട് )

സെലക്ട് ചെയ്യാതെ Other receipts എന്നത് സെലക്ട് ചെയ്തതിനാൽ ആണെന്നും പറയുന്നു. മേൽ അപാകത ഒഴിവാക്കി അക്കൗണ്ട്സിൻെറ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2) കുന്നുകര ഗ്രാമപഞ്ചായത്തിൻെറ ലൈബ്രറി രസീതുകളുടെ പരിപാലനം ശരിയായ രീതിയിലല്ല നടത്തുന്നത്. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും പഞ്ചായത്ത് വാങ്ങി പണം പിരിവിനായി ലൈബ്രേറിയന് നൽകിയിരിക്കുന്ന രസീത് ബുക്കുകൾക്ക് ബുക്ക് നമ്പർ, രസീത് ലീഫ് ക്രമ നമ്പർ എന്നിവ പ്രിൻറ് ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. പേന കൊണ്ട് ക്രമ നമ്പർ രേഖപ്പെടുത്തിയിരിക്കുന്ന ടി രസീത് ബുക്കുകളിൽ 102,107,109 എന്നിങ്ങനെ വ്യത്യസ്ത എണ്ണം രസീതുകളാണുള്ളത്. 2017-18 ൽ ഉപയോഗിച്ച 4 രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതിൽ, രണ്ടെണ്ണത്തിൽ മാത്രമാണ് certificate of count രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 42 ൽ അവസാനമായി രേഖപ്പെടുത്തിയിരിക്കുന്നത് ബാക്കി 3 എണ്ണം എന്നാണ്. എന്നാൽ ഇവ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾ വാങ്ങുന്നത് ബിൽ പ്രകാരം സ്റ്റോക്കിൽ ചേർത്തിട്ടില്ല. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് ഉള്ള രസീത് ബുക്കുകൾ ഉപയോഗിക്കേണ്ടതും അവയുടെ സ്റ്റോക്ക് കൃത്യമായി കൈകാര്യം ചെയ്യേണ്ടതുമാണ്. ആയതിൻെറ മേൽനോട്ടം കാര്യക്ഷമമാക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3.പൊതു മരാമത്ത്

1.ബിറ്റുമിൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലെ ബിറ്റുമിൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാൽ ബിറ്റുമിന്റെ ഉപയോഗം വിലയിരുത്താൻ കഴിയുന്നില്ല. ബിറ്റുമിൻ സ്റ്റോക്കിലെടുക്കുന്നുവെങ്കിലും വിതരണം കൃത്യമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഒരു കരാറുകാരന് വിവിധ പ്രവൃത്തികൾക്കാവശ്യമായ മുഴുവൻ അളവ് ബിറ്റുമിന്റെ അളവാണ് രേഖപ്പെടുത്തുന്നത്. ആയതിനാൽ ഒരു പ്രവൃത്തിക്ക് എത്ര ബിറ്റുമിൻ നൽകി എന്ന് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അറിയാൻ കഴിയില്ല. അതിനാൽ ഫൈനൽ ബിൽ തുകയിൽ നിന്നും കുറവ് ചെയ്യേണ്ട ബിറ്റുമിന്റെ അളവ് കണക്കാക്കാൻ കഴിയാതെ വരുന്നു. ഓരോ പ്രവൃത്തിക്കും ഇഷ്യൂ ചെയ്യുന്ന ബിറ്റുമിന്റെ അളവ് പ്രത്യേകം രേഖപ്പെടുത്തി സ്റ്റോക്കിൽ നിന്നും കുറവ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

2.അളവു പുസ്തകത്തിൽ ബിറ്റുമിൻ തിരികെ പിടിക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ അളവു പുസ്തകത്തിൽ ബിറ്റുമിന്റെ കാൽക്കുലേഷൻ നടത്തി തുക പിടിക്കുന്നതിന്റെ വിവരം ചേർക്കുന്നില്ല. പകരം ഉപയോഗിച്ച ബിറ്റുമിന്റെ അളവും ഒരു തുകയും മാത്രം രേഖപ്പെടുത്തുന്നു. തുക കണക്കാക്കിയതിന്റെ വിവരം അളവു പുസ്തകത്തിൽ നിന്നും അറിയാൻ കഴിയില്ല. തുക കണക്കാക്കുമ്പോൾ തുക ഈടാക്കുന്നതിന്റെ കാൽക്കുലേഷനും കൂടി രേഖപ്പെടുത്തേണ്ടതാണ്.

.

4) ഇൻക്യുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഇൻക്യുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ പേരും മേൽവിലാസവും എഴുതി സൂക്ഷിക്കാത്തതിനാൽ ജീവനക്കാർ സ്ഥലം മാറി പോകുകയാണെങ്കിൽ ഈ ജീവനക്കാരുമായി തുടർന്നുള്ള കത്തിടപാടുകൾ നടത്തുന്നതിന് കഴിയാതെ വരുന്നു. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.12.2018 | 11/2018 | 19.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.12.2009 | 2004-05 മുതൽ 2008-09 വരെ | 7.1.2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. 2017-18 വർഷം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായവിതരണത്തിന്റെ യഥാർത്ഥ ചെലവ് 1,50,000/- രൂപയാണ്. വാർഷികകണക്കിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം 160100307 എന്ന ഹെഡിൽ ഈയിനത്തിലുള്ള വരവ് 2,10,000/-രൂപയും 254200108 എന്ന ഹെഡിൽ ചെലവും 2,10,000/-രൂപയാണ്. യഥാർത്ഥ കണക്കെടുക്കാത്തതിനാൽ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവിലും ചെലവിലും 60,000/- രൂപ അധികം വന്നിരിക്കുന്നു.

2. കുന്നുകര ഗ്രാമപഞ്ചായത്തിൻെറ own Fund അക്കൗണ്ട് നം. 0123100000001 (കുന്നുകര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്) പാസ്സ് ബുക്ക് പ്രകാരം 31.03.2018 ൽ 83704/- രൂപയാണ് ബാലൻസ് ഉള്ളത്. AFS പ്രകാരം ഇത് 5,01,601/- രൂപയാണ് (KSCB own Fund 1(450230101). ഇതിൻെറ Reconciliation statement ൽ cheque deposited but not collected എന്നതിൽ 4,56,814/-രൂപ കാണിച്ചിരിക്കുന്നു. (voucher no. 31700433/12.02.2018) ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകയായ 4,56,814/- രൂപ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റ് ആകാത്തതിന്റെ കാരണം അന്വേഷിച്ച് ഓഡിറ്റിന് മറുപടി നൽകേണ്ടതാണ്. എന്നാൽ 29.09.2018 വരെ ഒരു തുകയും ബാങ്ക് പാസ്ബുക്കിൽ ചെക്ക് നിക്ഷേപമായി വന്നിട്ടില്ല. Reconciliation statement ൽ cheque issued but not presented into bank എന്നതിൽ കാലഹരണപ്പെട്ട ചെക്കുകളാണ് ചേർത്തിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം./തിയതി | തുക |
|---|---|---|---|
| 1 | 31700134/21.07.2017 | ............. | 22,743 |
| 2 | 21600218/09.06.2016 | 0052115/09.06.2016 | 10,000 |
| 3 | 21500821/05.12.2015 | 0044487/05.12.2015 | 1,000 |
| 4 | 37/25.05.2012 | 93440/25.05.2014 | 690 |
| 5 | 21600379/30.07.2016 | 0052602/30.07.2016 | 4,484 |
| | ആകെ | | 38,917 |

കാലഹരണപ്പെട്ട ചെക്കുകൾ കാലാനുസൃതമായി സ്റ്റെയ്ൽ ചെക്ക് (stale cheque) ഹെഡിലേക്കു മാറ്റേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയത്

30.11.2011 ലെ VI -ാം നമ്പർ തീരുമാനം പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയത്തിനുള്ള നിരക്ക്, 100 ച.മീ. നു മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറൻറ്, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 55/- രൂപയാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിരിക്കുന്നത് ച. മീറ്ററിന് 40/- രൂപ എന്ന നിരക്കിലാണ്. ഒരു ഉടമയുടെ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കടമുറികൾ ഒരുമിച്ച് നികുതി

നിർണ്ണയം നടത്താതെ വ്യത്യസ്തങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയം നടത്തിയാണ് കുറഞ്ഞ നിരക്ക് ഈടാക്കിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | വാർഡ് നം. | കെട്ടിട നം. | തറ വിസ്തീർണ്ണം | ഈടാക്കിയ നിരക്ക് 40/ച.മീ. | ഈടാക്കേണ്ട നിരക്ക് 55/ച.മീ. | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | പ്രസിഡൻറ്, സെക്രട്ടറി, ചിറക്കമണവാളൻ ഫാമിലി ട്രസ്റ്റ്, ആറ്റുപുറം | 2 | 192/A<br>192/B<br>192/C<br>192/D<br>192/E | 27.36<br>27.36<br>19.42<br>43.81<br>43.80 | 6470 | 8896 | 2426 |
| | | | | 161.75 | | | |
| 2 | ജോണി വിതയത്തിൽ, അയിരൂർ | 2 | 200/A<br>200/B<br>200/C<br>200/D<br>200/E<br>200/F | 28.81<br>28.81<br>15<br>15<br>15<br>15 | 4704.8 | 6469.1 | 1764.3 |
| | | | | 117.62 | | | |
| 3 | കൊച്ചപ്പൻ (കൊച്ചൗസേപ്പ്), പുതുവ | 8 | 245/C<br>245/D<br>245/E<br>245/F | 172.89 x55<br>18<br>18<br>32 | 9508.95<br>720<br>720<br>1280 | 9508.95<br>990<br>990<br>1760 | -<br>270<br>270<br>480 |
| | | | | 240.89 | | | |
| 4 | സലാം , കൊല്ലിയിൽ, അഹന | 10 | 513/448A<br>514/448B | 61<br>61 | 2440<br>2440 | 3355<br>3355 | 1830 |
| | | | | 122 | | | |
| 6 | ഡോ.രാജപ്പൻ, ഗുരുദേവ ചാരിറ്റബിൾ ട്രസ്റ്റ് | 14 | 310 | 105 | 4200 | 5775 | 1575 |
| 7 | സജിമോൻ കോട്ടക്കൽ, ആറ്റുപുറം | 15 | 273/A | 103.17 | 4126.8 | 5674.35 | 1547 |

കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെയും സമാനമായ മറ്റ് കെട്ടിടങ്ങളുടെയും വാടക, പുനർ നിർണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 കെട്ടിട വാടക ഈടാക്കുന്നില്ല

കുന്നുകര ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 10/231 F നമ്പരായുള്ള മൂന്ന് ഷട്ടർ കെട്ടിട കടമുറിയിലെ രണ്ട് മുറികൾ, 17.05.2017 ലെ 12 -ാം നമ്പർ തീരുമാനപ്രകാരം ഫുഡ് ആൻറ് സേഫ്റ്റി സർക്കിൾ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലികമായി വാടകയ്ക്ക് നൽകുന്നതിന് കമ്മറ്റി അംഗീകരിക്കുകയും ആയതിൻെറ എഗ്രിമെൻറ് വയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 15.09.2017 ൽ ഫുഡ് ആൻറ് സേഫ്റ്റി ഓഫീസർ ഒന്നാം കക്ഷിയായും പഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയായും വാടകക്കരാറിൽ ഒപ്പിട്ടിട്ടുണ്ട്. എന്നാൽ ടി കടമുറിയിൽ നിന്നും നാളിതുവരെ വാടകയൊന്നും ഈടാക്കിയിട്ടില്ല. വാടക ഒഴിവാക്കിയതായി കരാറിൽ പറയുന്നുമില്ല.

വാടക ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) നല്കിയ മറുപടിയിൽ വാടക ഒഴിവാക്കി നൽകുവാനുള്ള കമ്മിറ്റി തീരുമാനം എന്നേഴുതേണ്ടതിനു പകരം വാടകയ്ക്ക് നൽകുവാൻ എന്ന് തെറ്റി ചേർത്തതാണെന്ന് വിശദീകരിച്ചു. കരാറുകൾ കുറ്റമറ്റ രീതിയിൽ ചമയ്ക്കുന്നതിന് ശ്രദ്ധവെയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹരിത കേരള മിഷൻ- രസീതുകളുടെ ഉപയോഗം

ഹരിത കേരള മിഷന്റെ ഭാഗമായി വിവിധ ഫോറങ്ങളും തിരിച്ചറിയൽ കാർഡുകളും രസീത് ബുക്കുകളും പ്രിന്റ് ചെയ്ത വകയിൽ 9160/- രൂപ ജിയോ ജോസഫ്, ജെ.എം.ജെ കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (വൗച്ചർ നം. 21700728/ 15.11.2017 ). ബിൽ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ഫോറങ്ങൾ 3000 Nos | 3000 |
| 2 | രസീത് ബുക്ക് 30 Nos. | 4800 |
| 3 | തിരിച്ചറിയൽ കാർഡ് | 1460 |
| | ആകെ | 9160 |

30 രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന് 4800/- രൂപ നൽകിയിട്ടുണ്ട്. ഇതു പ്രകാരം പിരിച്ചെടുത്ത തുകകളുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.2/ 21.1.2019 ) ആയത് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സർക്കാരിൽ നിന്നും ഉത്തരവില്ലാത്തതിനാൽ പ്രത്യേകം അക്കൗണ്ട് തുടങ്ങാൻ കഴിഞ്ഞില്ലെന്നും 2018 ലെ പ്രളയത്തിൽ രസീത് ബുക്കുകളെല്ലാം നഷ്ടപ്പെട്ടുവെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്കുകളുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 ഡെപ്പോസിറ്റ് തിരികെ നൽകൽ- ഒറിജിനൽ രസീത് തിരികെ വാങ്ങിയില്ല

1) ഡെപ്പോസിറ്റ് തിരികെ നൽകിയപ്പോൾ ഒറിജിനൽ രസീത് തിരികെ വാങ്ങി സൂക്ഷിക്കാതെ തുക നൽകിയിട്ടുണ്ട്. വൗച്ചർ നം. 21701142/01.2.2018 പ്രകാരം 900/- രൂപ ശ്രീമതി ലൈല എന്നവർക്ക് റോഡ് റെസ്റ്റോറേഷൻ ഫീസിനത്തിൽ ഈടാക്കിയിരുന്ന തുക തിരികെ നൽകിയിട്ടുണ്ട്. എന്നാൽ പണമടച്ച ഒറിജിനൽ രസീതോ ബോണ്ടോ ഇല്ലാതെയാണ് ഇപ്രകാരം തുക തിരികെ നൽകിയത്. ഇത് വിശദീകരിക്കേണ്ടതാണ്.

2) പഞ്ചായത്തിൽ ഡെപ്പോസിറ്റ് ഹെഡിൽ സ്വീകരിക്കാത്ത റോഡ് റെസ്റ്റോറേഷൻ ഫീസിനത്തിൽ വരവ് വന്ന തുകകൾ തിരികെ നൽകിയിട്ടുണ്ട്. ഈ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റായി രേഖപ്പെടുത്തിയിട്ടുമില്ല. റോഡ് റെസ്റ്റോറേഷൻ ഫീസിനത്തിൽ ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകളാണ്

തിരികെ നൽകേണ്ടത്. ഫീസിനത്തിൽ ലഭിക്കുന്ന തുകകൾ തിരികെ കൊടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/ 24.1.2019) മറുപടിയൊന്നും നൽകിയില്ല. തുക തിരികെ കൊടുത്ത ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം/ തി. | ഇനം | തുക |
|---|---|---|---|
| 1 | 21701065/ 27.1.2018 | റോഡ് റെസ്റ്റോറേഷൻ ഫീസ് | 900 |
| 2 | 21701210/22.2.2018 | റോഡ് റെസ്റ്റോറേഷൻ ഫീസ് | 900 |
| 3 | 21701318/ 24.3.2018 | റോഡ് റെസ്റ്റോറേഷൻ ഫീസ് | 2500 |

## 3-3 പാലിന് സബ്സിഡി- ക്ഷീര കർഷകർക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല.

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഡയറി ഫാം ഇൻസ്ട്രക്ടർ, നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് സബ്സിഡി എന്ന പ്രൊജക്ടിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 96/17-18, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി. |
| ചെലവഴിച്ച തുക | 5,00,000 രൂപ ( 3,50,000 – വികസന ഫണ്ട് , 1,50,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) |
| | ബിൽ നം 1/17-18, 17.11.2017-3,50,000/-<br>ചെക്ക് നം 2135028/19.12.17-1,50,000/- |

കുന്നുകര പഞ്ചായത്തിൽ 3 ക്ഷീരസംഘങ്ങളിലായി പാലളക്കുന്ന 149 ക്ഷീരകർഷകർക്കാണ് 2017-18 ൽ സബ്സിഡി നൽകിയിരിക്കുന്നത്. വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപയാണ് നിലവിൽ സബ്സീഡി അനുവദിക്കാവുന്നത്. ആവശ്യത്തിന് ഫണ്ട് അനുവദിക്കാത്തതിനാൽ 2017 സെപ്റ്റംബർ മാസം വരെ ഒരു ലിറ്റർ പാലിന് 2.588/രൂപ നിരക്കിലുള്ള സബ്സിഡി തുകയേ കർഷകർക്ക് അനുവദിച്ചിട്ടുള്ളൂ. ഒക്ടോബർ മാസം മുതൽ മാർച്ച് മാസം വരെ അളന്ന പാലിനുള്ള സബ്സിഡി ക്ഷീരകർഷകർക്ക് നൽകിയിട്ടുമില്ല. പഞ്ചായത്ത് തയ്യാരാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ 3 ക്ഷീരസംഘങ്ങളിലായി ആകെ 114 ക്ഷീരകർഷകരുണ്ടെന്നും വാർഷിക ഉത്പാദനം 3,19,668 ലിറ്ററാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 12 ലക്ഷത്തിലധികം രൂപ ഈ ഇനത്തിൽ ബജറ്റിൽ വക കൊള്ളിച്ചാൽ മാത്രമേ മുഴുവൻ ക്ഷീര കർഷകർക്കും സബ്സിഡി നൽകാൻ സാധിക്കൂ എന്ന് വ്യക്തമാണ്. എന്നിട്ടും 5,00,000/- രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്.

മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പാണ് പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യേണ്ടത്. മേൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ രംഗം വിടുന്ന സാഹചര്യത്തിൽ ഒരു വർഷം ഈ ഇനത്തിൽ എത്ര രൂപ യഥാർത്ഥത്തിൽ ചെലവ് വരുമെന്ന് ഔദ്യോഗികമായി ഏതെങ്കിലും യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അവതരിപ്പിച്ചതായും കാണുന്നില്ല. മുൻ വർഷം പദ്ധതിയുടെ നിർവഹണവും ആയതിന്റെ തുക പര്യാപ്തമായിരുന്നോ എന്നുള്ളതും വർക്കിംഗ് ഗ്രൂപ്പ് ,

ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ പരിഗണിക്കുന്നതേയില്ല. മേൽ അപാകതകളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 പാലിയേറ്റീവ് പരിചരണം- മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.0008/17-18, പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ചെലവഴിച്ച തുക | 133827/- (ചെക്ക് നം 8130185/ 23.03.2018) |

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുവാൻ മേൽപ്രകാരം 133827/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ ( നം PRF5136/20.03.2018) അടിസ്ഥാനത്തിൽ തുക മുഴുവനും മുൻകൂറായി നൽകുകയായിരുന്നു. പ്രൊഫോർമ ഇൻവോയ്സിൽ തന്നെ സ്റ്റോക്ക് എൻട്രി നടത്തിയതായും കണ്ടു. എന്നാൽ സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ഒറിജിനൽ ഇൻവോയ്സ് ഫയലില്ലായിരുന്നു. സാധനങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയവ സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതിന്റെ വിവരവും ഒറിജിനൽ ഇൻവോയ്സും സ്റ്റോക്ക് രജിസ്ററും പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 5/21.01.2019). സാധനങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ലെന്നും ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിന്റെ ഭാഗമായാണ് പ്രൊഫോർമ ഇൻവോയ്സിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. സാധനങ്ങൾ ലഭ്യമാകുന്നതിന് മുൻപ് സ്റ്റോക്കിലെടുക്കുന്നത് ശരിയായ നടപടിയല്ല. സാധനങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതുവരെ ചെലവുതുക 133827/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പഞ്ചായത്ത് 2017-18 ൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുവാൻ 26701/- രൂപ ചെലവഴിച്ചിട്ടുണ്ട് ( പ്രോജക്റ്റ് നം 155/18, ബിൽ നം 28/24.03.2018). പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത് കറന്റ് ബുക്സിൽ നിന്നുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിന് മുൻഗണന നൽകണമെന്ന് 05.09.2012 ലെ 38156/ഡി.എ.2/2012 /തസ്വഭവ നം സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുള്ളതാണ്. ബുക്ക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേ നിന്നും വാങ്ങാവൂയെന്നും നിർദ്ദേശമുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതായും കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു വാങ്ങലുകൾ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് മെയിന്റനൻസ്

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | എസ്. 27/17-18, തെരുവ് വിളക്ക് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 3,00,000/-(ബിൽ നം 31/28.03.2018) |

തെരുവു വിളക്ക് മെയിന്റനൻസിനായി 2017-18 ൽ 7,50,000/- രൂപ അടങ്കലിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട് തെരുവു വിളക്കു മെയിന്റനൻസിനായി എ.എം.സി നൽകിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതി നടത്തിപ്പിലേക്ക് ഇ-ടെണ്ടർ വഴിയാണ് കരാറുകാരനെ തെരെഞ്ഞെടുത്തിരിക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1. ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവുമുള്ള ആളുകളെക്കൊണ്ടുമാത്രമേ ഇത്തരം ജോലികൾ ചെയ്യിക്കാവൂ എന്നാണ് വ്യവസ്ഥ (തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ). ഇദ്ദേഹത്തിന് കീഴിൽ ഇപ്രകാരം യോഗ്യതയുള്ള ജോലിക്കാരുള്ളതിന് രേഖകളൊന്നും ഹാജരാക്കിയതായി കാണുന്നില്ല.

2.മെയിന്റനൻസിനുള്ള സാധനങ്ങൾ വാങ്ങിയതിന് തെളിവായി ബില്ല് ഹാജരാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് ഹാജരാക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

4.തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിൽ തീയതി, പരാതി അറിയിച്ച സമയം, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നം ഉൾപ്പെടെ ) എന്നീ വിവരങ്ങൾ ഉണ്ടാകണം. ഈ വിവരങ്ങളടങ്ങിയ പരാതി രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

5.കരാറുകാരനിൽ നിന്നും 10 % സെക്യൂരിറ്റി നിക്ഷേപം ഈടാക്കണമെന്ന് മേൽ സർക്കുലറിൽ വ്യവസ്ഥയുണ്ട്. സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സെക്യൂരിറ്റി നിക്ഷേപം 5% ഈടാക്കിയതിന്റെ രേഖകളേ ഹാജരാക്കിയുള്ളൂ. കരാർ കാലാവധി കഴിഞ്ഞതിനാൽ സെക്യൂരിറ്റി നിക്ഷേപത്തിന്റെ ബാലൻസ് തുക വാങ്ങുന്നതിൽ പ്രസക്തിയില്ലെങ്കിലും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പരാതി രജിസ്റ്റർ ഹാജരാക്കിയെങ്കിലും വിവരങ്ങൾ പൂർണ്ണമല്ലായിരുന്നു. മെയിന്റനൻസ് പ്രവൃത്തിയായതിനാൽ ബില്ല് ഹാജരാക്കുവാൻ ആവശ്യപ്പെടാറില്ലായിരുന്നെന്നും മറുപടിയിലുണ്ട്. മെയിന്റനൻസിനായി വാങ്ങിയുപയോഗിച്ച സാധനങ്ങൾ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും ഗുണമേന്മയുള്ളതുമാണെന്ന് ഉറപ്പുവരുത്തുവാൻ ഒറിജിനൽ ബില്ല് ഹാജരാക്കുവാൻ നിഷ്കർഷിക്കേണ്ടതാണ്.

## 3-7 ഹൈമാസ്റ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | എസ്.142/17-18, ഹൈമാസ്റ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | 2,00,000/- |
| കരാർ ഏറ്റെടുത്ത സ്ഥാപനം | ജനറൽ അസോസിയേറ്റ്സ്, തൃപ്പൂണിത്തുറ |
| ചെലവഴിച്ച തുക | 1,974,30/-(ബിൽ നം 26/21.03.2018) |

കുന്നുകര ജംഗ്ഷനിലുള്ള ഹൈമാസ്റ്റ് ലൈറ്റിലെ കേടുവന്ന ഹാലൊജൻ ലൈറ്റുകൾക്ക് പകരം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2,00,000/- രൂപ അടങ്കൽ വരുന്ന ഈ ഇലക്ട്രിക്കൽ പ്രവൃത്തിയിൽ 7684/- രൂപ സൂപ്പർവിഷൻ ചാർജ്ജും ഉൾപ്പെടുന്നുണ്ട്. ഈ പ്രവൃത്തിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ .എസ്.ജി.ഡി. എറണാകുളത്തിന്റെ 08.01.2018 ലെ 383/ELE/EE/LSGD /17-18 നം ഉത്തരവ് പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ നിർവഹണവുമായി

ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.

1. 23.01.2018 ലെ എ2-630/18 നം ടെണ്ടർ നോട്ടീസ് പ്രകാരം ലഭ്യമായ 4 ടെണ്ടറുകളിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിനല്ല കരാർ നൽകിയിട്ടുള്ളത്. താഴെ പറയും പ്രകാരമാണ് വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിരുന്നത്.

.

| | |
|---|---|
| ജനറൽ അസോസിയേറ്റ്സ്, തൃപ്പൂണിത്തുറ | 195000 |
| സീയൂസ് ഇലക്ട്രിക്കൽസ്, ചേരാനല്ലൂർ | 230000 |
| ജനറൽ എന്റർപ്രൈസസ്, തൃപ്പൂണിത്തുറ | 196000 |
| കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റ്സ്, മുണ്ടക്കയം, കോട്ടയം | 168000 |

.

പഞ്ചായത്ത് ഭരണസമിതിയുടെ 01/03/2018 ലെ 1(7) നം തീരുമാനപ്രകാരം 1,95,000/- രൂപ ക്വോട്ട് ചെയ്ത ജനറൽ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റ്സ്, മുണ്ടക്കയം, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ നിരക്ക് കാണിച്ചിട്ടില്ലാത്തതും എൽ.ഇ.ഡി ലൈറ്റിന്റെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ വച്ചിട്ടില്ലെന്നും പറഞ്ഞാണ് കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഈ സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടറിൽ 150 W എൽ .ഇ.ഡി 5 വർഷ വാറന്റിയോടെ സ്ഥാപിക്കുന്നതിന് 1,68,000/- രൂപ ക്വോട്ട് ചെയ്തിട്ടുള്ളതാണ്.

2. കരാർ ഏറ്റെടുത്ത ജനറൽ അസോസിയേറ്റ്സ് എന്ന സ്ഥാപനവുമായി ചമച്ച കരാറിൽ (നം 1/2018 തീയതി 08.03.2018) കരാറിന്റെ കാലാവധി 08.03.2018 മുതൽ 08.03.2023 വരെയാണെന്നും പണി പൂർത്തിയാകുന്ന മുറക്ക് കരാറുകാരനുള്ള പ്രതിഫലം 5% തുക കിഴിച്ച് നല്കുന്നതാണെന്നും വ്യവസ്ഥയുണ്ട്. എന്നാൽ കരാറുകാരന് താഴെ പറയും പ്രകാരം തുക നൽകിയപ്പോൾ 5% തുക കിഴിവ് ചെയ്തതായി കാണുന്നില്ല. കൂടാതെ കരാറേറ്റെടുത്തത് ഒരു സഥാപനമായതിനാൽ ആദായനികുതി 2% ഈടാക്കുന്നതിനു പകരം 1% മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| | |
|---|---|
| പ്രവൃത്തി മൂല്യം | 189746 |
| സൂപ്പർവിഷൻ ചാർജ്ജ് | 7684 |
| ആകെ | 197430 |
| ആദായ നികുതി 1% | 1974 |
| കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ വിഹിതം 1% | 1974 |
| കരാറുകാരന് നൽകിയ തുക | 193482 |

3. സൂപ്പർ വിഷൻ ചാർജ്ജടക്കം 2,00,000/- രൂപയുടെ പ്രവത്തിക്കാണ് ടെണ്ടർ ക്ഷണിച്ചത്. കരാർ ഏറ്റെടുത്ത സ്ഥാപനം 1,95,000/- രൂപക്ക് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. അതുകൊണ്ട് പദ്ധതിയുടെ ആകെ ചെലവ് 1,95,000/- രൂപയിൽ ലിമിറ്റ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ആകെ 197430/- രൂപ ചെലവ് വന്നിരിക്കുന്നു.

എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സെക്യൂരിറ്റി നിക്ഷേപം 5% ഈടാക്കാത്തതിനോ, കരാർതുകയിൽ അധികരിച്ച് ചെലവ് വന്നതിനോ വ്യക്തമായ വിശദീകരണമില്ലായിരുന്നു. മാത്രമല്ല, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കിയതിലും തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതിരുന്നതു കൊണ്ട് ടെണ്ടർ നിരസിച്ചുവെന്നാണ് മറുപടി നൽകിയിട്ടുള്ളത്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത ടെണ്ടർ സ്വീകരിച്ചിരുന്നെങ്കിൽ ഏകദേശം 29,000/- രൂപയുടെ അധികച്ചെലവ് ഒഴിവാക്കാമെന്നിരിക്കെ, സ്പെസിഫിക്കേഷന്റെ കാര്യത്തിൽ കൂടുതൽ വ്യക്തതക്ക് ആ സ്ഥാപനവുമായി ഒരു കത്തിടപാട് പോലും

നടത്താതെ, ടെണ്ടർ നിരസിച്ചത് ശരിയല്ല. സെക്യൂരിറ്റി നിക്ഷേപവും, അധികം നൽകിയ തുകയും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 അജൈവ മാലിന്യ സംസ്കരണ പദ്ധതി ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | എസ്.147/17-18, വയബിലിറ്റി ഗ്യാപ് ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 3,39,550/-1)വൗച്ചർ നം21701036/20.01.18-1,50,000 |
| | 2) 21701363/31.03.18-110000 |
| | 3) 21701364/31.03.18-40000 |
| | 4) 21701365/31.03.18-39550 |

കുന്നുകര പഞ്ചായത്തിൽ അജൈവ മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു ഹരിത കർമ്മസേന 08/12/2016 ൽ രൂപീകരിച്ച് ആദ്യം പ്ലാസ്റ്റിക് കളക്ഷൻ ആരംഭിച്ചെങ്കിലും കൃത്യമായ സർക്കാർ നിർദ്ദേശങ്ങളുടെ അഭാവത്തിൽ പ്രവർത്തനങ്ങൾക്ക് തടസ്സം വന്ന കാര്യം 06.12.2017 ൽ ബഹു ജില്ലാകളക്ടറുടെ ചേംബറിൽ കൂടിയ ഹരിത കേരള മിഷൻ -അജൈവ മാലിന്യ സംസ്കരണ പ്രോജക്റ്റുകളുടെ അവലോകന യോഗത്തിൽ പ്രസിഡന്റ് അറിയിച്ചതായി യോഗമിനിട്സിലുണ്ട്. താഴെ പറയുന്ന കാര്യങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം തൻ വർഷം തുക ചെലവഴിച്ചിട്ടുള്ളത്.

| | |
|---|---|
| മാലിന്യം മറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിച്ചതിന് വാഹന വാടക- നാസർ എന്ന വ്യക്തിക്ക് നൽകിയത് | 39500 |
| കർണ്ണാടകയിലെ നിറവ് സെഗ്രിഗേഷൻ & റീസൈക്ലിംഗ് യൂണിറ്റിൽ മാലിന്യം എത്തിച്ച് തരം തിരിച്ച് നൽകിയതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയത് | 260000 |
| മറ്റീരിയൽ ഫെസിലിറ്റേഷൻ സെന്റർ വാടക- നിമ്മി പ്രാൻസീസ് | 40000 |
| ആകെ | 339550 |

പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ മറ്റൊരു പ്രോജക്റ്റും (നം 28/17-18) തൻ വർഷം നടപ്പിലാക്കിയിട്ടുണ്ട്. 119210/- രൂപ ഈ പ്രോജക്റ്റിൽ നിന്നും നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2% ആദായനികുതി ഈടാക്കാവുന്നതാണെന്ന് സ്ഥാപനം അറിയിച്ചിട്ടും ആദായനികുതി പിടിച്ച് സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. ഒരേ കാര്യങ്ങൾക്ക് ഇത്തരത്തിൽ 2 പ്രോജക്റ്റുകളുണ്ടാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്.

15.07.2017 ലെ സ ഉ.(സാ.ധാ) നം 2420/17/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട ഉടമകളിൽ നിന്നും യൂസർ ഫീ ശേഖരിക്കുന്നതിന് നിർദ്ദേശമുണ്ട്. ഒരു വീട്ടിൽ നിന്നും 30/- രൂപ വീതം പിരിക്കുവാൻ തീരുമാനിക്കുകയും ഇതിനായി 30 രസീത് ബുക്കുകൾ അച്ചടിക്കുകയും ചെയ്തു. കെട്ടിട ഉടമകളുടെ പക്കൽ നിന്നും പിരിക്കുന്ന തുക സൂക്ഷിക്കാൻ അസി സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് തുടങ്ങാൻ തീരുമാനിച്ചെങ്കിലും സർക്കാർ ഉത്തരവില്ലാത്തതിനാൽ അക്കൗണ്ട് തുടങ്ങിയില്ല. ഇത് ഹരിത കർമ്മസേനയുടെ പ്രവർത്തനം തുടരുന്നതിന് തടസ്സമായെന്നും ഹരിത കർമ്മസേനക്ക് നൽകിയ രസീതുകൾ പ്രളയത്തിൽ നഷ്ടമായെന്നും ഓഡിറ്റ് എൻക്വയറി നം 2 ന് നൽകിയ മറുപടിയിൽ പറയുന്നുണ്ട്. 17 ലോഡ് മാലിന്യം കൊണ്ടുപോയതിന്റെ ചെലവായിട്ടാണ് 3,79,210/-രൂപ നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. രസീതുകൾ

നഷ്ടപ്പെട്ടതിനാൽ ഇത്രയും മാലിന്യം ശേഖരിച്ച വകയിൽ തുക പിരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് കോഴിക്കോട് എന്ന സ്ഥാപനത്തിന് തുക നൽകിയത് ഒറിജിനൽ ടാക്സ് ഇൻവോയ്സിന്റെ അടിസ്ഥാനത്തിലല്ല. ലോഡ് കൊണ്ടുപോയ കുറച്ച് വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറും വാടകയുമടങ്ങുന്ന ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് സ്ഥാപനം ഇതിനായി ഹാജരാക്കിയിട്ടുള്ളത്. മേൽ സ്ഥാപനത്തിന്റെ ലെറ്റർപാഡിൽ നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റിൽ ടാക്സ് രജിസ്ട്രേഷൻ നമ്പറും രേഖപ്പെടുത്തിയിട്ടില്ല. ആധികാരികമായ രേഖയില്ലാതെ തുക അനുവദിച്ചത് ശരിയായ നടപടിയല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം 29/30.01.2019) ഇതിനു ലഭ്യമാക്കിയ മറുപടിയിൽ കുറവുവന്ന ആദായനികുതി ഈടാക്കുന്നതാണെന്നും ടി സ്ഥാപനത്തിൽ നിന്നും ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 <u>അങ്കണവാടികളിലേക്ക് വാട്ടർ കണക്ഷൻ - അപാകതകൾ</u>

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0140/18, അങ്കണവാടികളിലേക്ക് വാട്ടർ കണക്ഷൻ |
| ചെലവ് | 7/26.1.2018 = 110000/-<br>13/26.2.2018 = 60000/- |
| അടങ്കൽ | 1,70,000/- |

പഞ്ചായത്തിലെ 1, 3, 5, 8,13,14,17, 20 എന്നീ എട്ട് അങ്കണവാടികളിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 170000/- വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 170000/- രൂപയാണ് അടങ്കൽ തുക. വാട്ടർ അതോറിറ്റിയുടെ ജനറൽ അബ്സ്ട്രാക്ട് പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ചാർജസ് | 132332.11 |
| പാർട്ട് 2- അപ്ലിക്കേഷൻ ഫീ & കണക്ഷൻ ചാർജസ് | 11650.00 |
| സെന്റേജ് ചാർജസ് @12.5% | 17997.76 |
| Lump sum | 8020.12 |
| ആകെ | 170000.00 |

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2)സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 2.5% തുക അധികം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/24.1.2019 ) മറുപടിയിൽ അങ്കണവാടികളിലേക്ക് ഇതുവരേയും വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ലെന്നും 10.2.2019 നകം കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നുമറിയിച്ചിട്ടുണ്ട്. കൂടാതെ സെന്റേജ് ചാർജിനത്തിൽ തുക അടവാക്കിയത് അറിഞ്ഞിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ്

ലഭ്യമാക്കേണ്ടതും, അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനോ പഞ്ചായത്തിന്റെ മറ്റു പ്രവൃത്തികളിൽ ക്രമീകരിച്ചു കിട്ടുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവു തുക 170000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ഐറ്റം റേറ്റ് കരാർ പ്രവൃത്തി -ശതമാനം നിരക്കിൽ ടെണ്ടർ കുറവ് വരുത്തി.

അങ്കണവാടി കുളിക്കടവ് പ്രവൃത്തി ഐറ്റം റേറ്റ് ടെണ്ടറാണ് നടത്തിയത്. ശ്രീ സുജി കെ.ആർ. ക്വോട്ട് ചെയ്ത 499527.50/- രൂപയുടെ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഐറ്റം റേറ്റിലുള്ള നിരക്കുകളിൽ തുക കണക്കാക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ ബിൽ തയ്യാറാക്കി ക്വോട്ട് ചെയ്ത നിരക്കും എസ്റ്റിമേറ്റ് നിരക്കും തമ്മിലുള്ള വ്യത്യാസത്തിന്റെ ആകെ ശതമാനം കണക്കാക്കി ആകെ ബില്ലിൽ നിന്നും കുറവ് വരുത്തുകയാണ് ചെയ്തത്. ഇപ്രകാരം ചെയ്തതു വഴി 10494/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0062/18, അങ്കണവാടി കുളിക്കടവ് നിർമ്മാണം |
| കരാറുകാരന്റെ പേര് | ശ്രീ സുജി കെ.ആർ. |
| അളവു പുസ്തകം | 211/17-18 |
| ചെലവ് വിവരം | 26/12.1.2018 തുക 474542/- |

| ഐറ്റം നം. | ചെയ്ത അളവ് | എസ്റ്റിമേറ്റിലെ നിരക്ക് | നൽകിയ തുക (അളവു പുസ്തകം പ്രകാരം) | ക്വോട്ട് ചെയ്ത നിരക്ക് | നൽകേണ്ട തുക | അധികം / കുറവ് |
|---|---|---|---|---|---|---|
| 1.01 | 44.38m3 | 187.69/m3 | 8329.68 | 187.69 | 8329.68 | 0 |
| 1.02 | 30.00m | 1073.04/m | 32191.20 | 190.00 | 5700.00 | -26491.20 |
| 1.03 | 100hrs | 215.11/hr | 21511 | 205.00 | 9885.10 | -11625.90 |
| 1.04 | 48.22m2 | 2860.14 | 137915.95 | 3250.00 | 156715.00 | 18799.05 |
| 1.05 | 13.62m3 | 5237.52/m3 | 71335.02 | 5500.00 | 74910.00 | 3574.98 |
| 1.06 | 6.14m3 | 8602.40 | 52818.74 | 8750.00 | 53725.00 | 906.26 |
| 1.07 | 7.44m2 | 289.02/m2 | 2150.31 | 289.02 | 2150.31 | 0 |
| 1.08 | 562.46kg | 84.35/kg | 47443.50 | 91.00 | 51183.86 | 3740.36 |
| 1.09 | 3.34m3 | 8164.2/m3 | 27285.13 | 8169.20 | 27285.13 | 0 |
| 1.10 | 13.66m2 | 289.02/m2 | 3948.01 | 291.00 | 3975.06 | 27.05 |
| 1.11 | 6.06m3 | 8201.76/m3 | 49702.66 | 8250.00 | 49995.00 | 292.34 |

| | | | | | | |
|---|---|---|---|---|---|---|
| 1.12 | 43.90m3 | 463.82/m3 | 20361.70 | 460.00 | 20194.00 | -167.70 |
| ആകെ | | | 474992.9 | | 464048.14 | -10944.76 |

ആകെ അധികം നൽകിയതുക = 10945- 451( ബില്ലിൽ നിന്നും കുറവ് ചെയ്ത ടെണ്ടർ കുറവ്) = 10494/- രൂപ. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/25.1.2019 ) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുകയായ 10494/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 ടെണ്ടർ കുറവ് വരുത്തിയില്ല.

മാളേക്കാട് റോഡ് റീ ടാറിംഗ് പ്രവൃത്തിയിൽ കരാറുകാരൻ ക്വോട്ട് ചെയ്ത എസ്റ്റിമേറ്റിനേക്കാൾ 3% കുറവ് നിരക്ക്, ഫൈനൽ ബില്ലിൽ കുറവ് വരുത്താത്തതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0092/18, മാളേക്കാട് റോഡ് റീ ടാറിംഗ് |
| കരാറുകാരന്റെ പേര് | ശ്രീ വി.ഒ.ജോസ്, (എസ്റ്റിമേറ്റിനേക്കാൾ 3% കുറവ് നിരക്ക്) |
| അളവു പുസ്തകം | 395/17-18 |
| ചെലവ് വിവരം | 39/17.3.2018 തുക 348069/- |

.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 348069 |
| (-) ടെണ്ടർ കുറവ് @3% | 10442 |
| അനുവദിക്കാവുന്ന പ്രവൃത്തി മൂല്യം | 337627 |
| പിൻവലിച്ച തുക | 348069 |
| അധികം നൽകിയ തുക | 10442 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.24/29.1.2019 ) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുകയായ 10442/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-12 കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് ബില്ലിൽ വരുത്തിയില്ല.

ഞാറ്റ്യാല പള്ളി റോഡ് റീ ടാറിംഗ് പ്രവൃത്തിയിൽ കരാറുകാരൻ ക്വോട്ട് ചെയ്ത എസ്റ്റിമേറ്റിനേക്കാൾ 1.6% കുറവ് നിരക്ക് കുറവ് വരുത്താത്തതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0089/18, ഞാറ്റ്യാല പള്ളം റോഡ് റീ ടാറിംഗ് |
| കരാറുകാരന്റെ പേര് | ശ്രീ അബ്ദുൾ റഹ്മാൻ, (എസ്റ്റിമേറ്റിനേക്കാൾ 1.6% കുറവ് നിരക്ക്) |
| അളവു പുസ്തകം | 402/17-18 |
| ചെലവ് വിവരം | 48/24.3.2018 തുക 335984/- |

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 335984 |
| (-) ടെണ്ടർ കുറവ് @1.6% | 5376 |
| അനുവദിക്കാവുന്ന പ്രവൃത്തി മൂല്യം | 330608 |

| | |
|---|---|
| പിൻവലിച്ച തുക | 335984 |
| അധികം നൽകിയ തുക | 5376 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/ 29.1.2019) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 5376/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-13 സംരക്ഷണ ഭിത്തി- RR masonry ചെയ്തത്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0080/18, കടുവക്കാവ് റോഡ് സൈഡ് പ്രൊട്ടക്ഷൻ & ഫില്ലിംഗ് |
| കരാറുകാരന്റെ പേര് | കെ.എച്ച് അബൂബക്കർ |
| അളവു പുസ്തകം | 143/18-19,392/17-18,405/17-18 |
| ചെലവ് വിവരം | 42/24.3.2018 തുക 285145/- |

സർക്കാർ ഉത്തരവ് 87/16 (Finance Dept- Inspection Wing – Technical) date 18-11-16 പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സിമന്റ് ഉപയോഗിക്കാതെ DRM പണിയാണ് ചെയ്യേണ്ടത്. ഈ പ്രവൃത്തിയിൽ 7.71 എം3 സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് ഐറ്റം നം.4 അനുസരിച്ച് od91626/2017-2018 പ്രകാരം 7.71 എം3 x 5237.52/m3 = 40381.28/- രൂപ നൽകിയിട്ടുണ്ട്. DR പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നൽകാവുന്ന നിരക്ക് ഐറ്റം നം. 60.7.1 പ്രകാരം 2860.14/m3 ആണ്. ഈ പ്രവൃത്തിക്ക് സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണഭിത്തി നിർമ്മിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.1.2019) മറുപടിയൊന്നും നൽകിയില്ല.സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-14 സർവ്വീസ് ടാക്സ് - ഒടുക്കിയില്ല

വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് ബില്ലിൽ നിന്നും കുറവ് വരുത്തി തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. സർവ്വീസ് ടാക്സിനത്തിൽ അടവാക്കേണ്ട ഈ തുക കരാറുകാരന് നൽകുകയോ സർക്കാരിലേക്ക് അടക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം., പേര് | S0112/18, ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റ പണി | S0118/18, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലെ പെയിന്റിംഗും, അറ്റകുറ്റ പണികളും | S0122/18, അങ്കണവാടി അറ്റകുറ്റ പണി |
|---|---|---|---|
| ബിൽ നം. | തനത് ഫണ്ട് 51700608/ 28.9.2017 | 23/ 19.9.2017 | 25/13.10.2017<br>41/21.3.2018 |
| ബിൽ തുക | 245038 | 217498 | 278193<br>112442 |
| സർവ്വീസ് ടാക്സിനത്തിലെ തുക | 25729 | 20667 | 26434<br>10685 |

ഇക്കാര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/ 29.1.2019 )

മറുപടിയൊന്നും നൽകിയില്ല. സർക്കാരിലേക്ക് അടക്കേണ്ട തുകകൾ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-15 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പ് വരുത്തുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2017-18 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്ന പോഷകാഹാരം (ന്യൂട്രിമിക്സ്) അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, നെടുമ്പാശ്ശേരി എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, നെടുമ്പാശ്ശേരിയിൽ നിന്നുള്ള ന്യൂട്രിമിക്സ് സാമ്പിളിന്റെ ഗുണമേന്മാപരിശോധന റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 24.1.2019) മറുപടിയിൽ 15.5.2014 വരെ റീജിയണൽ അനലറ്റിക്കൽ ലാബിലേക്ക് അയച്ചിരുന്നുവെന്നും അതിനു ശേഷം ചെന്നൈയിലേക്ക് അയക്കുവാനാണ് നിർദ്ദേശം വന്നതെന്നും അറിയിച്ചു. ചെന്നൈയിലേക്ക് തുടർച്ചയായി അയച്ചിട്ടും റിസൽട്ട് ഒന്നും വന്നിട്ടില്ല എന്നും അറിയിക്കുകയുണ്ടായി.ഏറ്റവുമൊടുവിൽ 7.7.2018 ൽ അയച്ചതായും അറിയിച്ചിട്ടുണ്ട്. അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ല

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 13 എണ്ണം ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടങ്ങളിലും, 9 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011ലെ സർക്കുലർ നം 31055/ഡി.സി2/2011 പ്രകാരം "എല്ലാ വർഷവും മെയ് മാസം പത്താം തീയതിക്കകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. ആയത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 22 അങ്കണവാടികളിൽ 16 എണ്ണത്തിനു മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-17 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162.1.എ (iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുൾപെടുന്ന സേവന മേഖലകൾ പട്ടികജാതി പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമ്മാർജനം, പൊതു വിതരണം എന്നിവയാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാമ്പത്തിക

വർഷത്തിൽ 14 തവണ യോഗം ചേർന്നിട്ടുണ്ട്. പെൻഷൻ/വിവാഹധനസഹായം എന്നിവയിൽ ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് അംഗീകാരം നൽകുന്നതിനായാണ് കമ്മിറ്റി കൂടുതലായും യോഗം ചേർന്നു കാണുന്നത്. മരണമടയുന്ന പെൻഷൻകാരുടെ വിവരങ്ങൾ ശേഖരിച്ച് യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റു വിഷയങ്ങളിൽ നാമമാത്രമായ തീരുമാനങ്ങൾ മാത്രമേ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളു. സ.ഉ.(എം.എസ്.) 10/2017 ത.സ്വ.ഭ.വ തീയതി 09.01.2017ഉത്തരവ് പ്രകാരം ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ദാരിദ്ര്യലഘൂകരണം, സാമൂഹ്യനീതി, വനിതാ വികസനം, പട്ടികജാതി/വർഗ്ഗ വികസനം എന്നിവയാണ്. 2017-18 വർഷത്തിൽ മേൽ സൂചിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകൾ മൂന്നു തവണ യോഗം ചേർന്നതായി കാണുന്നു. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും മുൻപ് നടപ്പാക്കിയ പ്രോജക്ടുകളുടെ ജയപരാജയങ്ങൾ പരിശോധിച്ചും തൻ വർഷം നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ തരം തിരിച്ച് പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ് ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല. മേൽ വിഷയങ്ങളിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1122000 | നെൽ കൃഷി വികസനം | 1122000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 185000 | പാലിയേറ്റീവ് കെയർ | 148827 | 36173 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 120000 | ഭവന പദ്ധതി (പട്ടിക ജാതി) | 0 | 120000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സഹായം | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന വർക്ക് പഠന സഹായം | 165700 | 84300 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | മാലിന്യ നിർമ്മാർജ്ജനം | 30790 | 119210 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 0 | 600000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | കുരിശ്ശു പള്ളി LI പദ്ധതി-മോട്ടോർ ഷെഡും മോട്ടോർ സ്ഥാപിക്കലും | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പാലിന് സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 990000 | പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി | 750000 | 240000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1457199 | ലൈഫ് മിഷൻ ഭവന പദ്ധതി | 0 | 1457199 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3900000 | ലൈഫ് മിഷൻ ഭവന പദ്ധതി | 0 | 3900000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 6900000 | ലൈഫ് മിഷൻ | 680000 | 6220000 |
| | | 16874199 | | 3597317 | 13276882 |

വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് 17190136/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ മുഴുവൻ വിവരങ്ങളും ചേർക്കാൻ കഴിഞ്ഞില്ല. കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | ഘടക സ്ഥാപനങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ | 23/28.2.2018 | 46259 | 0 | 46259 |
| | | 28/16.1.2018 | 113741 | 0 | 113741 |
| KWA | അങ്കണവാടികളിലേക്ക് കുടിവെള്ള കണക്ഷൻ | 7/26.1.2018 | 110000 | 0 | 110000 |
| | | 13/26.2.2018 | 60000 | 0 | 60000 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാ രംഭ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | ത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണം | ജി.ഒ.(എം.എസ്.) 83/13/ LSGD/ dt. 11.3.2013 | 3000000 | 833531 | 835531 | 0 | 0 |

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തുകയും പഞ്ചായത്തിലെ തിരിച്ചടച്ച തുകയും തമ്മിൽ 2000/- രൂപയുടെ വ്യത്യാസമുണ്ട്. ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-7. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 ഖ. 13 | 2003-04 ഖ - 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധിക ചെലവ് 66130/- രൂപ | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |
| 2016-17 ഖ 2-2 | 2016-17 | KSEB യുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | രസീത് നം. 11606500040/25.1.2017 പ്രകാരം 2500/- രൂപ അടവാക്കി |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോ | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഗിക സ്ഥാനം, ഭരണ വകുപ്പ് | തിയും | | | തി) | | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

.

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80576988 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72500978 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 26312 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 303827 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലെയും സി യിലെയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-10 | - | 10494 | ശ്രീമതി ഐവിൻ ഗോഡ്വിൻ ഡിസിൽവ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | - | 10442 | ശ്രീമതി ഐവിൻ ഗോഡ്വിൻ ഡിസിൽവ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | - | 5376 | ശ്രീമതി ഐവിൻ ഗോഡ്വിൻ ഡിസിൽവ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 26312 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 133827 | ഡോ.ഒ.പി.മനോജ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-9 | 170000 | ശ്രീമതി ഷഹാന, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 303827 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഐവിൻ ഗോഡ് വിൻ ഡിസിൽവ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,മാള ഗ്രാമ പഞ്ചായത്ത് | പീടിയാക്കൽ, കാട്ടുകുറ്റി, പി.ഒ.,തൃശ്ശൂർ |
| ശ്രീമതി ഷഹാന, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലഭ്യമാക്കിയില്ല | 39/222, ദീപം ലെയിൻ, BTS, മാമംഗലം ക്രോസ് റോഡ്, ഇടപ്പള്ളി പി.ഒ., |
| ഡോ. ഒ.പി. മനോജ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കുന്നുകര | വിപഞ്ചിക, ടി.സി., 2/3080, പനച്ചിമൂട്, ലെയിൻ, തിരുവനന്തപുരം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1997-98 | എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |

| | |
|---|---|
| 1999-00 | എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04 |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05 |
| 2002-03(ചെലവ്) | എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2006-07 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11 |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി11)692/14 തീയതി 13.06.14 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി11)1908/16 തീയതി 30.11.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി11)1266/17 തീയതി 21.7.2017/ 26.9.2017 |

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുന്നുകര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1.ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുകയിൽ 52918/- രൂപയുടെ കുറവുണ്ട്.

2.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ